## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. **4259**

**03.02.2014** ലെ മറുപടിയ്ക്ക്

### പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പ് പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) ഉണ്ട്. 2013-14 വർഷത്തെ ബഡ്ജറ്റിൽ 2230-01-103-15 ശീർഷകത്തിൽ പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതി നടപ്പിലാക്കാൻ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ; | (ബി) എസ്റ്റേറ്റ് മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളായ വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം എന്നിവയുടെ അപര്യാപ്തത പ്രസ്തുത തൊഴിലാളികളെ ആ മേഖലയിൽ നിന്നും മററ് മേഖലയിലേക്ക് കുടിയേറുന്നതിന് പ്രേരകമായിട്ടുണ്ട്. തൊഴിൽ സ്ഥലങ്ങളോടനുബന്ധിച്ച് താമസ സൗകര്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം എന്നീ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനായാണ് ലക്ഷ്യമിടുന്നത്. |
| (സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിച്ചത് ; വിശദമാക്കുമോ; | (സി) പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല. പ്ലാന്റേഷൻ തൊഴിലാളികൾക്ക് സ്വന്തമായി ഒരു വീട് എന്ന പദ്ധതിയാണ് ഇതു വഴി നടപ്പിലാക്കുന്നത്. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) ഭവനം ഫൗണ്ടേഷൻ കേരള എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികൾക്കായി ഭവനം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിന് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Sreekala
സെക്ഷൻ ഓഫീസർ